**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 17.08.2023**

# "കൈക്കൂലി വാങ്ങിയതിന് മുൻ സബ് രജിസ്ട്രാറെ കഠിന തടവിന് ശിക്ഷിച്ചു"

കണ്ണൂർ സബ് രജിസ്റ്റർ ഓഫീസിലെ മുൻ സബ് രജിസ്ട്രാർ ആയിരുന്ന കെ. എം. രഘു ലാധരനെയാണ് 1,000/- രൂപ കൈക്കൂലി വാങ്ങിയതിന് കുറ്റക്കാരനാണെന്ന് കണ്ടെത്തി ബഹു: തലശ്ശേരി വിജിലൻസ് കോടതി ഇന്ന് (17/08/2023) ഒരു വർഷം കഠിന തടവിനും 20,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

2011-ൽ കണ്ണൂർ സബ് രജിസ്ട്രാർ ആയിരുന്ന കെ. എം. രഘു ലാധരൻ, പരാതിക്കാരന്റെ അച്ഛന്റെ പേരിലുള്ള വസ്തു പരാതിക്കാരന്റെ പേരിൽ വിൽപത്രപ്രകാരം മാറ്റി രജിസ്റ്റർ ചെയ്തു കൊടുക്കുന്നതിനായി 2011 നവംബർ മാസം ഒൻപതാം തിയതി ഓഫീസ്സിൽ വച്ച് ആയിരം രൂപ കൈക്കൂലി വാങ്ങിയതിന് കൈയോടെ പിടികൂടിയതിലേക്ക് കണ്ണൂർ വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്.പി. യായിരുന്ന ശ്രീ. സുനിൽ ബാബു കോളോത്തുംകണ്ടി രജിസ്റ്റർ ചെയ്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. A.V. ജോൺ, ശ്രീ. K. വിനോദ് കുമാർ, ശ്രീ. V. ഉണ്ണി കൃഷ്ണൻ, ശ്രീ. A.V. പ്രദീപ്, ശ്രീ. M.V. അനിൽ കുമാർ എന്നിവർ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ കെ. എം. രഘു ലാധരൻ കുറ്റക്കാരനാണെന്ന് കണ്ടെത്തി, ഒരു വർഷം കഠിന തടവിനും 20,000/- രൂപ പിഴ ഒടുക്കുന്നതിനും ബഹു: തലശ്ശേരി വിജിലൻസ് കോടതി ഇന്ന് (17/08/2023) ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ളിക് പ്രോസിക്യൂട്ടർ ശ്രീമതി. ഉഷകുമാരി ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.